ബന്ധപ്പെട്ടവരും ആ കേസ് ഒതുക്കാൻ ശ്രമിക്കുന്നുവെന്നുള്ളതിന്റെ പേരിൽ മുപ്പതാം തീയതി അങ്ങേക്കുതന്നെ മെമ്മോറാണ്ടം നൽകുകയും ക്രൈം ബ്രാഞ്ച് അന്വേഷിക്കുകയും ചെയ്തുവെങ്കിലും പൂർണ്ണമായും കുറ്റവാളിയെ രംഗത്തുകൊണ്ടുവരുന്നതിന് ശ്രമിച്ചിട്ടില്ല എന്നുള്ള പരാതിയുണ്ട്. അവിടെ കക്ഷിസമുദായ ഭേദമോ, പ്രാദേശിക ചിന്തയോ ഇല്ലാതെ ഒറ്റക്കെട്ടായി ജനങ്ങളും പന്തം കൊളുത്തി പ്രകടനവും ധർണ്ണയുമെല്ലാം നടത്തി. തുടർന്നും പ്രക്ഷോപത്തിന് അവസരമുണ്ടാക്കാതെ കുറ്റവാളി ബേബിയെ അറസ്റ്റ് ചെയ്യണം. ആ കുടുംബത്തിലെ അമ്മായിഅമ്മയോടുമാത്രം ചോദിച്ചാൽ വിവരം പറയും. മറിയാമ്മയുടെ വധവുമായി ബന്ധപ്പെട്ട ബേബിയുടെമേൽ നടപടി സ്വീകരിക്കുന്നതിന് അന്വേഷണം പൂർത്തിയായെന്ന് ബന്ധപ്പെട്ട പോലീസ് പറയുകയാണെങ്കിൽ അങ്ങ് പ്രത്യേകമായി അതിന് ആവശ്യമായ സംവിധാനമേർപ്പെടുത്തിക്കൊണ്ട് കുറ്റവാളിയുടെ മേൽ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ശ്രീ. ജോർജിന്റെ ഭാര്യ മറിയാമ്മ പൊള്ളലേറ്റു മരിച്ചു. അന്വേഷണത്തിൽ ഇവരുടെ കുടുംബജീവിതം സുഖകരമായിരുന്നില്ല എന്നാണ് മനസിലായിട്ടുള്ളത്. ജോർജ് ഭാര്യയോട് ഡോക്ടറെ കാണാൻ പോകണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും അവർ ഡോക്ടറെ കാണാൻ വിസമ്മതിച്ചു. അതുകൊണ്ട് അവർതമ്മിൽ അസ്വാരസ്യമുണ്ടായി. അന്നേ ദിവസം ഭർത്താവ് പിണങ്ങി വീട്ടിൽ നിന്നും പോയി എന്നും അതിനുശേഷം ഭാര്യ മണ്ണെണ്ണയൊഴിച്ച് അത്മഹത്യ ചെയ്തു എന്നുമാണ് പ്രാഥമികാന്വേഷണത്തിൽ മനസ്സിലായിട്ടുള്ളത്. പോസ്റ്റ് മോർട്ടം റിപ്പോർട്ടിലും പൊള്ളലേറ്റു മരിച്ചു എന്നു മാത്രമാണുള്ളത്. ബഹുമാനപ്പെട്ട മെമ്പർക്കു സ്ഥലത്തെ എം. എൽ. എ. എന്നുള്ള നിലയിൽ ഈ കാര്യത്തിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ ആ കാര്യത്തെസംബന്ധിച്ച് ക്രൈംബ്രാഞ്ചിനെ കൊണ്ടുതന്നെ അന്വേഷിപ്പിച്ച് സത്യാവസ്ഥ കണ്ടുപിടിക്കാൻ ശ്രമിക്കാം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ.]

(6) എം. എൽ. എ. ഹോസ്റ്റലിൽ പോലീസ് ഇടപെടൽ

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഇന്നലെ വൈകുന്നേരം എം. എൽ. എ. ക്വാർട്ടേഴ്സിന്റെ നടയിൽവെച്ച്.....

(ബഹളം)

ഞങ്ങടെ എം. എൽ. എ. ക്വാർട്ടേഴ്സിലേക്ക് കയറിപ്പോകുന്നസമയത്ത് വിൽസൺജോസഫ് എന്നുപറയുന്ന സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 50–ഓളം പോലീസുകാർ വന്ന് തടഞ്ഞു. എം. എൽ. എ. ക്വാർട്ടേഴ്സിൽ ഒരു എം. എൽ. എ. ക്ക് കയറാൻ പാടില്ലേ ? എം. എൽ. എ. ക്വാർട്ടേഴ്സിൽനിന്നും തിരിച്ചിറങ്ങി വന്ന ശ്രീ. എ. കെ. ശശീന്ദ്രൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. വർക്കല രാധാകൃഷ്ണൻ തുടങ്ങിയ എം. എൽ. എ. മാരോടൊപ്പമുണ്ടായിരുന്ന ആളുകളെ പോലീസ് തല്ലി. സർ, ഞങ്ങടെ നിയമസഭാസമ്മേളനത്തിന് വന്നവരാണ്. ഞങ്ങൾക്ക് നിയമസഭക്കകത്തും നിയമസഭക്ക് പുറത്തും സംരക്ഷണം തരാൻ അങ്ങേക്ക് ബാധ്യതയുണ്ട്. എം. എൽ. എ. ക്വാർട്ടേഴ്സിൽ ഞങ്ങൾക്കു താമസിക്കണം. അവിടെ ഗുണ്ടകളുടെ വിളയാട്ടമാണ്. ഇതുപോലുള്ള

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ പോലീസുകാർ എം. എൽ. എ. മാരെ എം. എൽ. എ. കാർട്ടേഴ്സിൽ കയറുന്നത് തടയുക എന്നുപറയുന്നത് ശരിയല്ല. അങ്ങ് ഞങ്ങൾക്ക് സംരക്ഷണം തന്നെങ്കിൽ മാത്രമേ പറ്റുകയുള്ളു.

മി. സ്പീക്കർ: ഇന്നലെ വൈകുന്നേരമുണ്ടായ ഈ പ്രശ്നം സംബന്ധിച്ച് ശ്രീ. കാനം രാജേന്ദ്രൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എ കെ. ശശീന്ദ്രൻ, ശ്രീ. വർക്കലരാധാകൃഷ്ണൻ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ശ്രീ. പി. സി. ജോർജ്, ശ്രീ. ടി.എസ്. ജോൺ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ പ്രശ്നം വളരെ ഗൗരവമായിത്തന്നെ ചെയർ കാണുകയാണ്. യാതൊരു കാരണവശാലും എം. എൽ. എ. ഹോസ്റ്റലിൽ മറ്റുള്ള ആളുകളുടെ അനധികൃതമായുള്ള പ്രവേശനം അനുവദിക്കുകയില്ല. അതിനാവശ്യമായിട്ടുള്ള നടപടികൾക്ക് നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് നിയമസഭയുടെ ഒരു കമ്മിറ്റിതന്നെ ഇതിനെക്കുറിച്ച് അന്വേഷിക്കണമെന്നുള്ളതാണ് ചെയറിന്റെ അഭിപ്രായം. അതുകൊണ്ട് ഈ പ്രശ്നത്തെക്കുറിച്ച് അന്വേഷിച്ച് എത്രയും പെട്ടെന്ന് സഭയ്ക്ക് റിപ്പോർട്ട് നൽകാൻ സഭയുടെ ഹൗസ്കമ്മിറ്റിയെ ചുമതലപ്പെടുത്തുകയാണ്.

(ബഹളം)

ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടാണ് ഈ സഭയുടെ കമ്മിറ്റിയെത്തന്നെ ഇതിനെക്കുറിച്ച് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയത്. കഴിയുന്നതും വേഗം വരുന്ന ഒന്നാം തീയതിയോ രണ്ടാം തീയതിയോ തന്നെ റിപ്പോർട്ട് കിട്ടും. അതിനുശേഷം കർശനമായ നടപടി ബന്ധപ്പെട്ട ആളുകളുടെ പേരിൽ സ്വീകരിക്കുമെന്ന കാര്യം സഭയ്ക്ക് ഉറപ്പുതരികയാണ്.

(ബഹളം)

ഒരു കാരണവശാലും എം. എൽ. എ. ഹോസ്റ്റലിൽ പ്രവേശിക്കുന്നതിന് എം. എൽ. എ. മാരെ തടയാൻ ആരേയും അനുവദിക്കുന്ന പ്രശ്നമില്ല. നിയമസഭാസെക്രട്ടേറിയറ്റിന്റെ അനുവാദമോ അല്ലെങ്കിൽ ആവശ്യമോ പ്രകാരമല്ലാതെ നിയമസഭാഹോസ്റ്റലിന്റെ അകത്തോ പുറത്തു പടിവാതിൽക്കലോ ബ്ലോക്ക് ചെയ്യാനോ തടസ്സപ്പെടുത്താനോ ആരേയും അനുവദിക്കുന്ന പ്രശ്നമില്ല. ഏതായാലും ഈ കാര്യം വളരെ ഗൗരവമായിത്തന്നെ ചെയർ കാണുകയാണ്.

ശ്രീ. ബേബിജോൺ: സർ, ഇന്നലെ ഈ സംഭവത്തിനുമുമ്പ് ഞാൻ അവിടെ പോയിരുന്നു. ഒരു ഗേറ്റ് അടച്ചിട്ടുകൊണ്ട് പോലീസുകാർ അവിടെ നിൽക്കുകയായിരുന്നു. അതു വേണോ?

ശ്രീ. ഇ. കെ. നയനാർ: സ്പീക്കറുടെ അനുവാദത്തോടുകൂടിയാണോ ഇത്? ബഹു: സ്പീക്കർക്കല്ലേ എം. എൽ. എ. കാർട്ടേഴ്സിന്റെ അധികാരം? അതിന്റെ മുകളിലുള്ള കൈകടത്തലാണോ? എം. എൽ. എ. മാർക്ക് താമസിക്കാനുള്ള സൗകര്യങ്ങൾ തടസ്സപ്പെടുത്തുന്നത് പോലീസിന്റെ അധികാരമാണോ? അസംബ്ലിയിൽ ഒരു കൺവെൻഷനുണ്ട്.

മി. സ്പീക്കർ: തീർച്ചയായും നിയമസഭാസമ്മേളനത്തിന് വരുന്ന എം. എൽ. എ. മാർക്ക് എല്ലാ സംരക്ഷണവും കൊടുക്കും. അതിനുനേരെ ഏതെങ്കിലും ഭാഗത്തുനിന്ന് എന്തെങ്കിലും നടപടിയുണ്ടായാൽ ഒരു കാരണവശാലും അത് അനുവദിക്കുന്ന പ്രശ്നമില്ല. ഈ തരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രവണതകളും ആവർത്തിക്കാതിരിക്കാനുള്ള നടപടികളും സ്വീകരിക്കും. ഏതായിരുന്നാലും ഇതിനെപ്പറ്റി ഗൗരവത്തോടുകൂടിത്തന്നെ ഹൗസ് കമ്മിറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കും. അതിനുശേഷം കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

ഇതോടൊപ്പംതന്നെ മറ്റൊരു സംഭവംകൂടിയുണ്ട്. വാച്ച് ആൻറ് വാർഡിൽപ്പെട്ട ഒരാളെ പുറമേനിന്നും വന്ന ഒരാൾ കയ്യേറ്റം ചെയ്തതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതെല്ലാം കമ്മിറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കും.

V. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരള ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 1986 ജൂൺ 26-ാം തീയതിവരെ ദീർഘിപ്പിക്കണമെന്ന പ്രമേയം.

Minister for Co-operation: (**Smt. M. Kamalam**): Sir, I move that the time for the presentation of the Report of the Subject Committee on the Kerala Water and Waste Water Bill, 1984 be extended up to June 26, 1986.

പ്രമേയം സഭ അംഗീകരിച്ചു.

VI. റിപ്പോർട്ട് സമർപ്പണം

ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരള ബില്ലിനെപ്പറ്റിയുള്ള ഒൻപതാം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്.

Smt. M. Kamalam Minister for Co- operation: Sir, I present the Report of the Subject Committee on the Kerala Water and Waste water Bill, 1984.

VII. ധനകാര്യം

1986-87 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ: XXIII-നഗരവികസനം

ധനാഭ്യർത്ഥന നമ്പർ: XXI-പൊതുജനാരോഗ്യ എൻജിനീയറിംഗ്.

ധനാഭ്യർത്ഥന നമ്പർ: XXXIX- ജലസേചനം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നഗരവികസനമെന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പൊതുജനാരോഗ്യ എൻജിനീയറിംഗ് എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ജലസേചനമെന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ളതുക 1986-87 സാമ്പത്തികവർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly